പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 162 17-12-2012-ൽ മറുപടിയ്ക്ക്

## കായികക്ഷമതാ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.അജിത്<br>ശ്രീ.വി.എസ്.സുനിൽകുമാർ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീമതി ഗീതാ ഗോപി | ശ്രീ.കെ.ബി.ഗണേഷ്കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് കായികക്ഷമതാ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത പദ്ധതി എന്ന് ആരംഭിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) കേരളത്തിലെ സ്കൂൾ കുട്ടികളുടെ കായികക്ഷമത പരിശോധിച്ച് തിട്ടപ്പെടുത്തുന്ന സമ്പൂർണ്ണ കായികക്ഷമത പദ്ധതി 2008-09 വർഷം മുതൽ നടപ്പാക്കി വരുന്നു. |
| (ബി) ഈ അദ്ധ്യയന വർഷം ഇതിനകം എത്ര സ്കൂളുകളിൽ പ്രസ്തുത പദ്ധതി ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; | (ബി) കേരളത്തിലെ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള എല്ലാ സ്കൂളുകളിലും പഠിയ്ക്കുന്ന 5 മുതൽ 10 വരെ ക്ലാസ്സുകളിലെ കുട്ടികളെ ചില പ്രത്യേക ടെസ്റ്റുകൾക്ക് വിധേയരാക്കി അവരുടെ കായികക്ഷമത വ്യക്തിഗതമായി തിട്ടപ്പെടുത്തുന്ന പ്രക്രിയയാണ് ഈ പദ്ധതിയിലൂടെ നടത്തുന്നത്. ഇത്തരത്തിൽ മുൻവർഷങ്ങളിൽ പരിശോധന നടന്ന സ്കൂളുകളുടെ എണ്ണം താഴെ ചേർക്കുന്നു. |

| വർഷം | എണ്ണം |
|---|---|
| 2008-09 | 4315 |
| 2009-10 | 6010 |
| 2010-11 | 4498 |
| 2011-12 | 4493 |

നടപ്പുവർഷം പരിശോധനാ പരിപാടിയുടെ ഒന്നാംഘട്ടം 2013 ജനുവരി 1 മുതൽ 15 വരെയും, രണ്ടാം ഘട്ടം ജനുവരി 20 മുതൽ 30 വരെയുമാണ് നടത്തുവാൻ തീരുമാനിച്ചിട്ടുള്ളത്.

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിന് എന്തു നടപടികളുണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (സി) | മുൻവർഷങ്ങളിൽ പ്രസ്തുത പദ്ധതി നടപ്പാക്കിയതു സംബന്ധിച്ച് നടന്ന അവലോകനത്തിന്റെ അടിസ്ഥാനത്തിൽ കൂടുതൽ സ്കൂളുകളിൽ പരിശോധന കൃത്യമായും, സമയബന്ധിതമായും നടത്തി ശരിയായ വിവരശേഖരണം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കായികാദ്ധ്യാപക നോടൊപ്പം ബന്ധപ്പെട്ട ക്ലാസ്സ് ടീച്ചറും കായികക്ഷമതാ പരിശോധനയുടെ വിജയത്തിനായി നേതൃത്വപരമായ പങ്ക് നിർവ്വഹിക്കേണ്ടതാണെന്നും, ഹെഡ്മാസ്റ്റർ ശക്തമായ മോണിറ്ററിംഗ് നടത്തേണ്ടതാണെന്നും, സ്കൂളുകളിൽ കായികക്ഷമതാ പരിശോധന നടത്തുമ്പോൾ ബന്ധപ്പെട്ട ജില്ലാ ചീഫ് കോ-ഓർഡിനേറ്റർ, സബ് ജില്ലാ കോ-ഓർഡിനേറ്റർ തുടങ്ങിയവരുടെ നിരീക്ഷണം ഉണ്ടായിരിയ്ക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ